# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന് ലഭിച്ച കേന്ദ്ര വിഹിതം</u>

473 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് കേന്ദ്ര വിഹിതമെന്ന നിലയിൽ എത്ര കോടി രൂപ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി വിഹിതവും പദ്ധതിയേതര വിഹിതവും ഇനം തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

നടപ്പിലാക്കാന്‍ കഴിയാതെപോയ പദ്ധതികള്‍

474 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2014 മാര്‍ച്ച് 31-ലെ സ്റ്റേറ്റ്മെന്റ് പ്രകാരം കഴിഞ്ഞ വര്‍ഷത്തെ പ്ലാന്‍, നോണ്‍-പ്ലാന്‍ ഫണ്ടില്‍ വകയിരുത്തിയ തുകയുടേയും ചെലവഴിച്ച തുകയുടേയും വിശദാംശങ്ങള്‍ നല്‍കുമോ;

(ബി) കഴിഞ്ഞ വര്‍ഷം ബജറ്റില്‍ ഉള്‍പ്പെടുത്തിയതും നടപ്പിലാക്കാന്‍ കഴിയാത്തതുമായ പദ്ധതികളുടെ വിശദാംശങ്ങള്‍ നല്‍കുമോ ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>വിദേശ സഹായ പ്രോജക്ടുകളുടെ നിർവ്വഹണം</u>

475 ശ്രീ. വി. ശിവൻകുട്ടി
,, എ. എം. ആരിഫ്
,, പി. കെ. ഗുരുദാസൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദേശ സഹായ പ്രോജക്ടുകളുടെ നിർവ്വഹണം കാര്യക്ഷമമാണോയെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എത്ര കോടി ചെലവ് പ്രതീക്ഷിക്കുന്ന വിദേശ സഹായ പ്രോജക്ടുകളാണുള്ളത് ; ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമാണോ : ഓരോ പദ്ധതിയും പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്ന തീയതിയും ഇന്നത്തെ അവസ്ഥയിൽ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്ന തീയതിയും വെളിപ്പെടുത്താമോ ;

(സി) വിദേശസഹായ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് ബജറ്റിൽ വകയിരുത്തുന്ന സംഖ്യകളിൽ മുഴുവനും ചെലവഴിക്കുന്നതിന് സാധിക്കാതെ വരുന്നതെന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നടപടികൾ</u>

476

ശ്രീ. സി. ദിവാകരൻ
,, പി. തിലോത്തമൻ
,, മുല്ലക്കര രത്നാകരൻ
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ സാമ്പത്തിക വർഷം ആരംഭിച്ചതിനു ശേഷം എത്ര കോടി രൂപ കടമെടുത്തിട്ടുണ്ട്; എന്തെല്ലാം ആവശ്യങ്ങൾക്കു വേണ്ടിയാണ് കടമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) അവസാനമായി എത്ര കോടി രൂപയുടെ കടപ്പത്രമാണ് പുറപ്പെടുവിച്ചിട്ടുള്ളത്; കടപ്പത്രം പുറപ്പെടുവിക്കുന്നതിന് ആധാരമായ കാരണങ്ങൾ എന്തെല്ലാം;

(സി) പുതിയ സാമ്പത്തിക വർഷത്തിന്റെ ആദ്യമാസങ്ങളിൽ കാര്യമായ പദ്ധതി വിനിയോഗം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടോ; ഉണ്ടെങ്കിൽ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സാമ്പത്തിക പ്രതിസന്ധി</u>

477 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടോ;

(ബി) വികസന പ്രവർത്തനങ്ങൾക്ക് പണലഭ്യത തടസ്സമാകാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) നികുതി വെട്ടിപ്പുകൾ തടയുന്നതിനും നികുതി കുടിശ്ശികകൾ പിരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി</u>

478

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതു പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഇത്തരം നടപടികളിലൂടെ അധിക വിഭവ സമാഹരണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) സർക്കാർ 2014 ജനുവരി 1 മുതൽ നാളിതുവരെ എത്ര രൂപ കടമെടുത്തു; ഇനിയും കടമെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) സാമ്പത്തിക പ്രതിസന്ധി മൂലം സംസ്ഥാന സർക്കാർ പദ്ധതികൾ ഏറ്റെടുത്തിട്ടുള്ള കരാറുകാർക്ക് ബിൽ കുടിശ്ശിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആകെ എത്ര തുകയുടേത്;

(ഇ) ഏതുമാസം മുതലുള്ള ബില്ലുകളാണ് കരാറുകാർക്ക് നൽകാനുള്ളത്; ഇത് നിർമ്മാണ മേഖലയെ പ്രതിസന്ധിയിലാക്കിയിട്ടുണ്ടോ; ഇതിനുള്ള പരിഹാര നിർദ്ദേശങ്ങൾ എന്തെങ്കിലും സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

479 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കടുത്ത സാമ്പത്തിക ബുദ്ധിമുട്ട് നേരിടുകയാണോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്ര ധനകാര്യ വകുപ്പ് സംസ്ഥാന ധനകാര്യവകുപ്പിന് 2013-14 സാമ്പത്തിക വർഷം കടം കൊടുക്കാൻ നിശ്ചയിച്ച തുക എത്ര കോടി രൂപയായിരുന്നു;

(സി) സംസ്ഥാന സർക്കാർ എത്ര കോടി രൂപ 2013-14 സാമ്പത്തിക വർഷം കടമെടുത്തു; ഏതൊക്കെ ധനകാര്യ സ്ഥാപനങ്ങൾ വഴി; എത്ര കോടി രൂപ വീതം; വിശദമാക്കുമോ;

(ഡി) 2013-14 സാമ്പത്തികവർഷം സഞ്ചിത കടം എത്ര കോടി രൂപയായിരുന്നു; ഇത് സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ;

(ഇ) നടപ്പുവർഷം നാളിതുവരെ എത്ര കോടി രൂപ കടമെടുത്തു; ആയത് ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നും എത്ര കോടി രൂപ വീതം; വ്യക്തമാക്കുമോ;

(എഫ്) നടപ്പുവർഷം സഞ്ചിത കടം എത്ര കോടി കവിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(ജി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്രയായിരുന്നു; നിലവിൽ സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടിയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം</u>

480 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തികാവസ്ഥ പ്രതിസന്ധിയിലാണെന്ന് കരുതുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) 2014 മാർച്ച് 31-ലെ കണക്ക് പ്രകാരം സംസ്ഥാന ഖജനാവിൽ എന്തു തുക മിച്ചമുണ്ടായിരുന്നു;

(ഡി) ചെലവ് ചുരുക്കലിന്റെ ഭാഗമായി സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) 2012 -13 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എത്ര;

(എഫ്) 2013-14 സാമ്പത്തിക വർഷത്തിലെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം എത്ര;

(ജി) 2012-13 സാമ്പത്തിക വർഷത്തെ റവന്യൂ ചെലവ് എത്ര;

(എച്ച്) 2013-14 സാമ്പത്തിക വർഷത്തെ റവന്യൂ ചെലവ് എത്ര;

(ഐ) 2012-13, 2013-14 സാമ്പത്തിക വർഷത്തെ റവന്യൂ കമ്മി എത്ര;

(ജെ) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിലെ പലിശയിനത്തിലെ ചെലവ് എത്ര;

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

(കെ) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കടബാദ്ധ്യതയിലേക്കായി എത്ര തുക ചെലവഴിച്ചു;

(എൽ) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളം, പെൻഷൻ, റ്റി.എ മറ്റുചെലവുകൾ എന്നിവയ്ക്കായി എത്ര തുക ചെലവഴിച്ചു;

(എം) 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ വികസന പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവഴിച്ചു; വിശദാംശം നൽകാമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവളപത്രം</u>

481 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയെക്കുറിച്ച് ധവള പത്രം പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി രൂക്ഷമാവുന്നുവെന്ന റിപ്പോർട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2014 ഏപ്രിൽ മാസത്തിൽ ട്രഷറി നീക്കിയിരുപ്പ് എത്ര രൂപയായിരുന്നുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പൊതുധനകാര്യസ്ഥിതി</u>

482 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ പൊതു ധനകാര്യ സ്ഥിതിയെ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) സാധാരണ ജനങ്ങൾക്ക് സാമ്പത്തികക്ലേശം വരുത്താതെ വരുമാനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് പൊതുകടം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ;

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>വന്‍കിട സ്വപ്ന പദ്ധതികള്‍ക്കായുള്ള ഉന്നതതല സമിതി</u>

483 ശ്രീ. എം. പി. വിന്‍സെന്റ്
'' പാലോട് രവി
'' തേറമ്പില്‍ രാമകൃഷ്ണന്‍
'' കെ. മുരളീധരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ വന്‍കിട സ്വപ്ന പദ്ധതികള്‍ക്ക് പണം വിനിയോഗിക്കുന്നതിനായി ഉന്നത സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സമിതിയുടെ ഘടന സംബന്ധിച്ചുള്ള വിവരങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) കമ്മിറ്റിയുടെ ദൗത്യങ്ങള്‍ എന്തെല്ലാമാണ്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത വന്‍കിട പദ്ധതികള്‍ക്ക് യഥാസമയം പണം ലഭ്യമാക്കുന്നതിനും അവയ്ക്ക് നീക്കിവച്ച തുക ലാപ്സാകാതെ യഥാസമയം വിനിയോഗിക്കുന്നതിനുമായി എന്തെല്ലാം മാര്‍ഗ്ഗങ്ങളാണ് ദൗത്യത്തില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ഗൃഹശ്രീ ഭവന പദ്ധതി</u>

484 ശ്രീ.സി. പി. മുഹമ്മദ്
,, എ. റ്റി. ജോർജ്
,, സണ്ണി ജോസഫ്
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള വരുമാനക്കാരെ ഉദ്ദേശിച്ച് നടപ്പിലാക്കുന്ന ഗൃഹശ്രീ ഭവനപദ്ധതിയിൽ അനുവദിക്കുന്ന വീടുകളുടെ നിർമ്മാണം നടത്താൻ ആരെയാണ് ഏല്പിക്കുന്നത്;

(ബി) തിരിച്ചടവ് ഇല്ലാത്ത ഈ പദ്ധതിയിൽ ഏതെല്ലാം സർക്കാർ ഇതര സംഘടനകളാണ് ധനസഹായം വാഗ്ദാനം ചെയ്തിട്ടുള്ളത്;

(സി) ഇതിൽ സർക്കാർ സബ്സിഡി എത്രയാണ്;

(ഡി) ഈ പദ്ധതിയനുസരിച്ച് നിർമ്മിക്കുന്ന വീടുകൾ എത്ര വർഷത്തേക്കാണ് കൈമാറ്റം ചെയ്യുകയോ വിൽക്കുകയോ ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളത്?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>പൊതുമരാമത്ത് വകുപ്പിനുള്ള ബഡ്ജറ്റ് വിഹിതം</u>

485 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം പൊതുമരാമത്തു വകുപ്പിന് മരാമത്തു പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി ധനവകുപ്പ് നാളിതുവരെ എത്ര തുക അനുവദിച്ചു നൽകി എന്നുള്ളതിന്റെ വിശദാംശങ്ങൾ നിയമസഭാ മണ്ഡലം തിരിച്ചു ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>അവയവദാനത്തിനുള്ള സാമ്പത്തിക സഹായം</u>

486 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും അവയവം മാറ്റി വയ്ക്കുന്നതിന് ദാനം ചെയ്യുന്നവർക്കും സ്വീകരിക്കുന്നവർക്കും നൽകുന്ന ധനസഹായം എത്രയാണ്;

(ബി) ഏതൊക്കെ അവയവങ്ങൾ മാറ്റിവയ്ക്കുന്നതിനാണ് ധനസഹായം അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>പൊതുവിപണിയിൽ നിന്നുള്ള വായ്പ</u>

487 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തിൽ നാളിതുവരെ എത്ര തുക സർക്കാർ പൊതുവിപണിയിൽ നിന്നും വായ്പ എടുത്തിട്ടുണ്ട്;

(ബി) സംസ്ഥാനത്തിന്റെ ഈ വർഷത്തെ പൊതുവിപണിയിൽ നിന്നുള്ള കടമെടുപ്പ് പരിധി എത്ര തുകയാണെന്ന് ധാരണയായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) നടപ്പുസാമ്പത്തിക വർഷത്തിൽ പൊതുവിപണിയിൽ നിന്നും എടുത്ത വായ്പയിൽ എത്ര തുക പദ്ധതി നിർവ്വഹണത്തിനായി ഉപയോഗിച്ചു എന്നു വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

2014-15 ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച പ്രോജക്ടുകൾ

488

ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

2014-15 - ലെ സംസ്ഥാന ബജറ്റിൽ, പ്രഖ്യാപിച്ചതിൽ എത്ര പ്രോജക്ടുകൾ ആരംഭിച്ചുവെന്നും അവ ഏതൊക്കെയാണെന്നും നിയമസഭാ മണ്ഡലങ്ങൾ തിരിച്ചുള്ള വിശദാംശങ്ങൾ വെവ്വേറെ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്തിന്റെ പൊതുകടം</u>

489 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപയായിരുന്നു;

(ബി) 2014 ഏപ്രിലിലെ സംസ്ഥാനത്തെ പൊതുകടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) 2011 മേയ് മാസത്തിലെ ട്രഷറി നീക്കിയിരുപ്പ് എത്രയുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>മുൻ സർക്കാരിന്റെ പൊതുകടം</u>

490 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ അവസാന കാലത്ത് സംസ്ഥാനത്തിന്റെ പൊതുകടം എത്ര രൂപയായിരുന്നുവെന്ന് അറിയിക്കാമോ ;

(ബി) ഈ സർക്കാരിന്റെ മൂന്ന് വർഷത്തിനിടെ ഈ പൊതുകടം എത്ര രൂപയായി വർദ്ധിച്ചുവെന്ന് വിശദമാക്കുമോ ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പദ്ധതികൾക്കായി വാങ്ങിയ കടം</u>

491 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വാങ്ങിയ കടത്തിന്റെ വിശദ വിവരങ്ങൾ നൽകുമോ;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് ഇപ്രകാരം കടം എടുത്തതെന്നുള്ളതിന്റെ വിശദ വിവരവും ഓരോന്നിനുമായി എടുത്ത തുകയുടേയും വിവരങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

വിവിധ വകുപ്പുകൾക്കായി ബജറ്റിൽ വകയിരുത്തിയ തുക

492 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ബജറ്റിൽ വകയിരുത്തിയ തുക എത്ര എന്ന് വ്യക്തമാക്കാമോ;

(ബി) ടി തുകയിൽ ഓരോ വകുപ്പും എത്ര തുകയാണ് ചെലവഴിച്ചത് എന്നും, ശതമാനം തിരിച്ചും വിശദമാക്കാമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>കേരള സംസ്ഥാന സംരംഭക മിഷൻ</u>

493 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന സംരംഭക മിഷന്റെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇതുവരെയായി എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(സി) എത്ര സംരംഭകർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്; എത്ര രൂപ ചെലവഴിച്ചു; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെന്റ്</u>

494 ശ്രീ. പി.കെ ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെന്റ് തൃപ്തികരമാണെന്ന് കരുതുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും പരിശോധന ധനവകുപ്പ് നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ധനകാര്യ മാനേജ്മെന്റ് മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളത്?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>മണ്ഡലം ആസ്തിവികസന പദ്ധതികൾക്ക് ഭരണാനുമതി</u>

495 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ മണ്ഡലം ആസ്തിവികസന പദ്ധതിയിൽ പെടുത്തി നിർമ്മിക്കുന്ന പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിലുള്ള കാലതാമസം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) സാമ്പത്തിക വർഷം പിന്നിട്ടിട്ടും തീർപ്പാക്കാതെ കിടക്കുന്ന ഫയലുകളിൽ തീരുമാനമെടുക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനും ഭരണാനുമതി നൽകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(സി) മലപ്പുറം മണ്ഡലത്തിലെ 2013-14 വർഷത്തെ ആസ്തി വികസന ഫണ്ടിലെ ഓരോ പദ്ധതികളും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കാർഷിക മേഖലയ്ക്ക്
അനുവദിച്ച തുക</u>

496 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കാർഷിക മേഖലയ്ക്ക് എത്ര തുകയാണ് അനുവദിച്ചത്; വർഷം തിരച്ച് വിശദമാക്കാമോ;

(ബി) ആകെ അനുവദിച്ച തുകയും മൊത്തം അടങ്കൽ തുകയുടെ ശതമാനവും വ്യക്തമാക്കാമോ;

(സി) ഇതിൽ എത്ര തുകയാണ് ചെലവായത് എന്ന് വർഷം തിരിച്ച് അറിയിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിലെ റവന്യൂ വരുമാനം</u>

497 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കഴിഞ്ഞ 3 സാമ്പത്തിക വർഷങ്ങളിലെ റവന്യൂ വരുമാനം എത്രയെന്ന് വിശദമാക്കാമോ; മൊത്തം വരുമാനത്തിന്റെ എത്ര ശതമാനം എന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളുടെ നടത്തിപ്പ്</u>

498 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ചിട്ടി, സ്വർണ്ണപ്പണയം, നിക്ഷേപ ഇടപാട് നടത്തുന്ന സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുള്ളത് ഏതൊക്കെ നിയമങ്ങളുടെ അടിസ്ഥാനത്തിലാണ്; ഇത്തരത്തിൽ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക പ്രസിദ്ധപ്പെടുത്തുമോ;

(ബി) ഇങ്ങനെ നടത്തുന്ന ഇടപാടുകൾ സംബന്ധിച്ച് സർക്കാരിന് അറിയാൻ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) നിക്ഷേപത്തിനും സ്വർണ്ണപ്പണയത്തിനും സർക്കാർ നിശ്ചയിച്ചിട്ടുള്ള പലിശ നിരക്കിലാണോ ഇടപാടുകൾ നടത്തുന്നത്;

(ഡി) ഓരോ വിഭാഗത്തിനും നിശ്ചയിച്ചിട്ടുള്ള പലിശനിരക്ക് എത്രയാണ്;

(ഇ) സ്വകാര്യസ്ഥാപനങ്ങൾ ഇത് പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാനും ഉറപ്പുവരുത്താനും എന്തൊക്കെ സംവിധാനങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) ഇത് സംബന്ധിച്ച പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ജി) എന്തൊക്കെ നടപടികളാണ് പരാതികളിന്മേൽ സ്വീകരിച്ചിട്ടുള്ളത്;

(എച്ച്) ഉപഭോക്താക്കൾ ആർക്കാണ് പരാതി നൽകേണ്ടത്?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

ചിട്ടിക്കമ്പനികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ

499 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചിട്ടിക്കമ്പനികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര രജിസ്റ്റേർഡ് ചിട്ടിക്കമ്പനികൾ നിലവിലുണ്ട്;

(സി) ചിട്ടിക്കമ്പനികൾ വ്യവസ്ഥകൾ ലംഘിച്ച് പണം പലിശയ്ക്ക് നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>സർക്കാർ വകുപ്പുകളിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങിയതുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ</u>

500 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടറുകൾ സംയോജിപ്പിക്കുന്ന ചെറുകിട സ്ഥാപനങ്ങൾക്ക് വിവിധ സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും ഓർഡറുകൾ നൽകണമെന്ന ഉത്തരവിനെ സംബന്ധിച്ച് അറിവ് ഉണ്ടോ;

(ബി) ധനവകുപ്പിലെ ഒരു ഉന്നത ഉദ്യോഗസ്ഥന്റെ ബിനാമി കമ്പനിയുടെ നേതൃത്വത്തിൽ വിവിധ സർക്കാർ സ്ഥാപനങ്ങളിലും വകുപ്പുകളിലും കോടികളുടെ കമ്പ്യൂട്ടർ കച്ചവടം നടന്നതായി എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ;

(സി) സർക്കാരിന്റെ പ്രസ്തുത പദ്ധതിയുടെ മറവിൽ ഉദ്യോഗസ്ഥന്റെ ബിനാമി കമ്പനിയിൽ നിന്ന് മാത്രമേ കമ്പ്യൂട്ടറുകൾ വാങ്ങാവൂ എന്ന നിലയിലേയ്ക്ക് കാര്യങ്ങൾ എത്തിച്ചേർന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കമ്പ്യൂട്ടറുകൾ സംയോജിപ്പിക്കുന്ന ചെറുകിട സ്ഥാപനങ്ങളിൽ നിന്നും കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനു പകരം വൻകിട കുത്തക സ്ഥാപനങ്ങളിൽ നിന്നും വാങ്ങുന്ന കമ്പ്യൂട്ടറുകളാണ് സർക്കാർ വകുപ്പുകൾക്ക് നൽകുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ട് പ്രവർത്തികൾക്ക് അംഗീകാരം</u>

501 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ഡലം ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തിയ ആലപ്പുഴ ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ നിന്നും 2013-2014 കാലയളവിൽ ലഭിച്ച ജോലി നിർദ്ദേശങ്ങൾ സംബന്ധിച്ച ഫയലുകൾ ധനകാര്യ വകുപ്പ് നോഡൽ സെല്ലിൽ ലഭിച്ച തീയതികളും, ജോലിയുടെ പേരുകളും, ധനകാര്യ വകുപ്പിന്റെ അനുമതിയോടെ ബന്ധപ്പെട്ട വകുപ്പുകളിലേയ്ക്ക് മടക്കിയ തീയതിയും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ചേർത്തല മണ്ഡലത്തിലെ ജോലികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുവാൻ ഈ ഇനത്തിൽ 2013 -2014 കാലയളവിൽ വന്ന ഫയലുകളുടെ ലഭിച്ച തീയതി, ജോലിവിവരം, നടപടി പൂർത്തിയാക്കിയോ മറ്റു കാരണങ്ങളാലോ മടക്കിയ തീയതി, മടക്കാനുണ്ടായ കാരണം എന്നിവ വ്യക്തമാക്കുമോ ;

(സി) ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ജോലികൾക്ക് ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിക്കണമെങ്കിൽ ആവശ്യമായ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച നിയമവും ചട്ടങ്ങളും ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>കരാറുകാരുടെ കുടിശ്ശിക</u>

502 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവിധ മേഖലകളിൽ പൊതുമരാമത്തുപണികൾ നടത്തിയ കരാറുകാർക്ക് എത്ര തുക കൊടുത്ത് തീർക്കാനുണ്ട്;

(ബി) കരാറുകാർക്ക് കുടിശ്ശിക കൊടുത്തു തീർക്കാത്തതിനാൽ നിർമ്മാണ മേഖല സ്തംഭനത്തിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പൊതുമരാമത്ത്,ജലസേചന വകുപ്പുകളിലെ കരാര്‍ കുടിശ്ശിക</u>

503 ശ്രീ. കെ. കുഞ്ഞിരാമന്‍ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് പൊതുമരാമത്ത്, ജലസേചനം എന്നീ വകുപ്പുകളില്‍ നിര്‍മ്മാണ പ്രവൃത്തി പൂര്‍ത്തീകരിച്ച വകയില്‍ കരാറുകാര്‍ക്ക് എത്ര തുക കുടിശ്ശികയായി നല്‍കാനുണ്ടെന്ന് പ്രത്യേകം വിശദമാക്കാമോ;

(ബി) ഈ തുക നല്‍കാനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ അറിയിക്കാമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സ്വകാര്യ ബാങ്കുകളിലെ സർക്കാർ നിക്ഷേപങ്ങൾ</u>

504 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും നിക്ഷേപങ്ങൾ സ്വകാര്യ ബാങ്കുകൾക്ക് നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളതെന്നും പ്രസ്തുത അനുമതി നൽകിയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കരാറുകാർക്കുള്ള കുടിശ്ശിക</u>

505 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരാറുകാർക്ക് യഥാസമയം പണം ലഭിക്കാത്തത് കാരണം സർക്കാർ കരാറുകൾ ഏറ്റെടുക്കാൻ തയ്യാറാവാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കരാറുകൾ നിലവിൽ എത്ര തുകയാണ് കുടിശ്ശികയായി ഉള്ളത് ;

(സി) ഇത് എന്ന് തീർത്തു കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>റവന്യൂകമ്മി കുറയ്ക്കുന്ന പദ്ധതി</u>

506 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിലെ റവന്യു കമ്മി കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ബഡ്ജറ്റിൽ നിന്നുള്ള സബ്സിഡികൾ എത്ര രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) ബഡ്ജറ്റിൽ അധികബാധ്യത കുറയ്ക്കുന്നതിനും അധികവരുമാനം ലഭ്യമാക്കുന്നതിനും പൊതുമേഖലാ സ്ഥാപനങ്ങളുടെ പുന:സംഘടന സർക്കാരിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

ഭവനരഹിതരായവർക്ക് ഭവന നിർമ്മാണത്തിന് ധനസഹായം

507 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗം, പട്ടികജാതി, പൊതുവിഭാഗം എന്നീ മൂന്നു വിഭാഗങ്ങളിലായി ഓരോ ജില്ലയിലും എത്ര വീതം കുടുംബങ്ങൾ ഭവനരഹിതരായിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര കുടുംബങ്ങൾക്ക് ഓരോ വിഭാഗത്തിലും ഭവന നിർമ്മാണത്തിന് ധനസഹായം അനുവദിച്ചു;

(സി) സർക്കാർ നിബന്ധനകൾ പാലിച്ചുകൊണ്ട് 50 ച. മീ. വിസ്തൃതിയിൽ വാസയോഗ്യമായ ഒരു വീട് നിർമ്മിക്കുന്നതിന് എത്ര രൂപ ചെലവാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്;

(ഡി) ധനസഹായ തുക വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഇപ്പോൾ അനുവദിക്കപ്പെട്ട തുക വളരെ തുച്ഛമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>എം.എൽ.എ ഫണ്ട് നിർവ്വഹണവും പട്ടയഭൂമിയും</u>

508 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ഫണ്ട് നിർവ്വഹണത്തിൽ പട്ടയഭൂമിയും എൻ. ഒ. സി യും ഉണ്ടെങ്കിൽ മാത്രമേ പ്രവൃത്തി ചെയ്യാൻ സാധിക്കുകയുള്ളുവെന്ന് നിർബന്ധമുണ്ടോ;

(ബി) ദേവികുളം മണ്ഡലത്തിൽ ദേവികുളം , മൂന്നാർ പഞ്ചായത്തുകളിൽ കടുകുമുടി, കാപ്പിസ്റ്റോർ എന്നീ സ്ഥലങ്ങളിലെ പ്രവൃത്തികൾക്ക് പഞ്ചായത്തിന്റെ ആധികാരികരേഖ ലഭ്യമാക്കിയിട്ടും കളക്ടർ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ എല്ലാ എം.എൽ.എ -എസ്. ഡി. എഫ് പ്രവൃത്തി കൾക്കും ഏതെങ്കിലും രേഖയുടെ അടിസ്ഥാത്തിലാണോ ഭരണാനുമതി നൽകുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് ഭരണാനുമതി നൽകാത്തത് പരിശോധിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ബേപ്പൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ</u>

509 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ നിയോജകമണ്ഡലത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ നിർദ്ദേശിച്ച ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു പ്രവൃത്തി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയാൽ എത്ര സമയത്തിനുള്ളിൽ ഭരണാനുമതി നൽകാൻ കഴിയും എന്ന് വ്യക്തമാക്കുമോ ;

(സി) കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ഇതിന്റെ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് എം.എൽ.എ. മാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ

510 ശ്രീ. വി.ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓരോ വർഷവും അഞ്ചു കോടി രൂപ വീതം എം. എൽ.എ മാർക്ക് അനുവദിക്കുന്ന ആസ്തി വികസന ഫണ്ട് ചെലവഴിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ഈ സർക്കാർ അധികാരമേറ്റതിനുശേഷം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ നിയമസഭാ മണ്ഡലം തിരിച്ചു ലഭ്യമാക്കുമോ;

(സി) ഈയിനത്തിൽ നാളിതു വരെ വിനിയോഗിച്ച തുക എത്രയെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ടിന്റെ വിനിയോഗത്തിലെ കാലതാമസം</u>

511 ശ്രീ. ജയിംസ് മാത്യൂ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിന്റെ വിനിയോഗത്തിലെ കാലതാമസം ഒഴിവാക്കാൻ, നിർദ്ദേശിക്കപ്പെട്ട പ്രവൃത്തിക്കുള്ള ഭരണാനുമതി അതാത് ജില്ലകളിൽ നിന്ന് തന്നെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നിർദ്ദേശിച്ച പ്രവൃത്തിക്കായി സമർപ്പിച്ച എസ്റ്റിമേറ്റുകൾ ഭരണാനുമതിയും, സാങ്കേതികാനുമതിയും ലഭിക്കുമ്പോഴേക്കും കൂലിയിനത്തിൽ വരുന്ന ചെലവും ജോലിക്കാവശ്യമായ വസ്തുക്കളുടെ വിലക്കയറ്റവും കാരണം ജോലി കരാറെടുക്കാൻ കരാറുകാർ വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനെന്തെങ്കിലും പരിഹാരം നിർദ്ദേശിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ചേര്‍ത്തല മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയില്‍ ഉള്‍പ്പെടുത്തിയ റോഡുകള്‍</u>

512 ശ്രീ. പി. തിലോത്തമന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പൊതുമരാമത്ത് വകുപ്പില്‍ നിന്നും 6707/ജി1/2014/പി. ഡബ്യു.ഡി നമ്പരായി 19.03.2014-ല്‍ ധനകാര്യ വകുപ്പിലേയ്ക്ക് അയച്ച ചേര്‍ത്തല മണ്ഡലത്തിലെ ആസ്തി വികസന പദ്ധതിയില്‍ ഉള്‍പ്പെടുത്തിയ 9 റോഡുകളുടെ ഫയല്‍ ധനകാര്യ വകുപ്പിലെ നോഡല്‍ സെല്ലില്‍ എന്നാണ് ലഭിച്ചത്; ഫയല്‍ എന്നാണ് പൊതുമരാമത്ത് വകുപ്പിലേയ്ക്ക് മടക്കി അയച്ചത്; മടക്കി അയയ്ക്കുവാന്‍ കാരണം എന്തായിരുന്നു; ഫയല്‍ സെക്ഷനില്‍ വേണ്ടവിധം പരിശോധിച്ചിരുന്നുവോ; മടക്കി അയയ്ക്കുമ്പോള്‍ പറഞ്ഞിരുന്ന കാരണങ്ങള്‍ കൂടാതെ മറ്റെന്തെങ്കിലും കാരണം ഉണ്ടായിരുന്നുവോ; വ്യക്തമാക്കുമോ;

(ബി) ഫയല്‍ വീണ്ടും പൊതുമരാമത്ത് വകുപ്പില്‍ നിന്നും നോഡല്‍ സെല്ലില്‍ ലഭിച്ചത് എന്നായിരുന്നു; ലഭിക്കുമ്പോള്‍ ഫയല്‍ ആദ്യം മടക്കുമ്പോഴുണ്ടായിരുന്ന തടസ്സങ്ങള്‍ മാറിയിരുന്നുവോ; വീണ്ടും മടക്കിയിരിക്കുന്നത് എന്ത് കാരണങ്ങള്‍ പറഞ്ഞാണ്; ഈ കാരണങ്ങള്‍ ആദ്യം ഇതേ ഫയല്‍ ലഭിച്ചപ്പോള്‍ സൂചിപ്പിക്കാതിരുന്നത് എന്തുകൊണ്ടാണ്; വ്യക്തമാക്കുമോ;

(സി) പോരായ്മകളുടെ പേരില്‍ ഫയലുകള്‍ മടക്കുന്നത് ഏത് ചട്ടം അനുസരിച്ചാണ്; ഫയലുകളില്‍ പോരായ്മയുള്ള കടലാസുകള്‍ ആവശ്യപ്പെടാതെ ഫയല്‍ മടക്കി അയയ്ക്കുന്നത് ചട്ടവിരുദ്ധമാണോ; ഇതിനെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

**മണ്ഡലം ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കാൻ വേണ്ട മാനദണ്ഡങ്ങൾ**

513 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണ്ഡലം ആസ്തിവികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശിക്കുന്ന പൊതുമരാമത്ത് ജോലികൾക്ക് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുവാൻ വേണ്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നു പറയാമോ;

(ബി) ഇപ്രകാരം മാനദണ്ഡങ്ങൾ ഉൾപ്പെടുത്തിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ധനകാര്യ വകുപ്പ് മടക്കി അയയ്ക്കുന്ന ഫയലുകളിൽ ഏതു മാനദണ്ഡമാണ് പാലിക്കാത്തതെന്ന് വ്യക്തമായി സൂചിപ്പിച്ചാണോ മടക്കി അയയ്ക്കുന്നത്;

(ഡി) ഒരു ഫയൽ മടക്കി അയയ്ക്കുമ്പോൾ പ്രസ്തുത ഫയലിലെ എല്ലാ പോരായ്മകളും ചൂണ്ടിക്കാട്ടിയായിരിക്കുമോ മടക്കി അയയ്ക്കുന്നത്; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പലപ്പോഴായി കാരണങ്ങൾ ചൂണ്ടിക്കാണിച്ചു മടക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഇ) ഇപ്രകാരം ഫയൽ മടക്കുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>കോഴിക്കോട് ജില്ലയിലെ പ്രവൃത്തികൾ</u>

514 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് പ്രകാരം 2012-13 വർഷത്തിൽ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷത്തെ എത്ര പ്രവൃത്തികൾക്ക് ഇനിയും ഭരണാനുമതി നൽകാനുണ്ട് എന്നും വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ആസ്തി വികസന ഫണ്ടിൽ നിന്നും ഒറ്റപ്പാലം നിയോജകമണ്ഡലത്തിനുള്ള വിഹിതം</u>

515 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി എത്ര തുകയാണ് സർക്കാർ 2014-15 വർഷത്തിൽ നീക്കിവെച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ; 2011-12, 2012-13, 2013-14 സാമ്പത്തിക വർഷത്തിൽ എത്ര തുകയാണ് അടിസ്ഥാന സൗകര്യ വികസനത്തിനായി ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക നാളിതുവരെ ചെലവഴിച്ചു ; 2011-12, 2012-13, 2013-14 വർഷത്തെ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ;

(സി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര തുക അനുവദിച്ചു ; ഏതെല്ലാം പദ്ധതികൾക്കാണ് ; വിശദാംശം നൽകുമോ ;

(ഡി) ആസ്തി വികസന പദ്ധതിയിൻ പ്രകാരം ഓരോ വർഷവും മണ്ഡലത്തിൽ അനുവദിച്ച തുകയും, ബാക്കിയുള്ള തുകയുടെ വിശദാംശവും നൽകാമോ ?

## കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പ്ലാൻഫണ്ടിന്റെ ജില്ലാതല അലോക്കേഷൻ</u>

516 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011-12, 2012-13, 2013-14 എന്നീ ധനകാര്യ വർഷങ്ങളിലെ പ്ലാൻ ഫണ്ടിന്റെ ജില്ലാതല അലോക്കേഷന്റെയും, വിനിയോഗത്തിന്റെയും വകുപ്പുതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(ബി) ഈ വർഷങ്ങളിൽ ഓരോ വകുപ്പിനും നീക്കി വെച്ചിട്ടുള്ള ബഡ്ജറ്റ് അലോക്കേഷന്റെയും വിനിയോഗത്തിന്റെയും കണക്ക് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

''ന്യൂ പെൻഷൻ സ്കീം''

T517 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ഏപ്രിൽ ഒന്നിനുശേഷം സംസ്ഥാന സർവ്വീസിൽ പ്രവേശിച്ചവർക്ക് "ന്യൂ പെൻഷൻ സ്കീം'' നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്കീമിൽ ഇതേവരെ എത്ര ജീവനക്കാർ ഉൾപ്പെട്ടിട്ടുണ്ടെന്നും അവർ ഏതെല്ലാം വകുപ്പിൽപ്പെട്ടവരാണെന്നും അറിയിക്കുമോ;

(സി) ഇതിൽ നിന്നും ഓരോ മാസവും വിഹിതമായി പിടിക്കുന്ന തുകയുടേയും സർക്കാർ വിഹിതമായി നിക്ഷേപിക്കുന്ന തുകയുടേയും വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) സർക്കാർ വിഹിതം നിക്ഷേപിക്കുന്നില്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്താകെ ഇതേവരെ ജീവനക്കാരുടെ വിഹിതവും സർക്കാർ വിഹിതവും ഉൾപ്പെടെ ഏതു ബാങ്കിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും അറിയിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ശമ്പള പരിഷ്കരണ കമ്മീഷൻ</u>

518 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിന് നിയോഗിച്ചിട്ടുള്ള ശമ്പള പരിഷ്കരണ കമ്മീഷന്റെ കാലാവധി ഏതുവരെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) കമ്മീഷന് ഓഫീസും സ്റ്റാഫും അനുവദിച്ച് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് ഓഫീസ് പ്രവർത്തിക്കുക; എത്ര സ്റ്റാഫിനെ നിയമിച്ചു എന്നീ കാര്യങ്ങൾ വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

ശമ്പള പരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പണം

519 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻകാരുടെയും ശമ്പള-പെൻഷൻ പരിഷ്കാരങ്ങളും നടപ്പാക്കുന്നതിനായി നിയമിച്ച ജ: രാമചന്ദ്രൻ നായർ കമ്മീഷൻ സമയബന്ധിതമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) 10-ാം ശമ്പളപരിഷ്ക്കരണ ഉത്തരവ് എന്ന് പുറത്തിറക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ശമ്പളപരിഷ്ക്കരണ ഉത്തരവ് നീണ്ടുപോകുന്ന സാഹചര്യത്തിൽ ഇടക്കാലാശ്വാസം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>വിരമിച്ച ജീവനക്കാർക്കുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി</u>

520 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് നൽകുന്ന മെഡിക്കൽ അലവൻസ് വളരെ തുച്ഛമാണെന്നുള്ളതും, ഇവർക്ക് റീംബേഴ്സ്മെന്റ് ആനുകൂല്യം ലഭ്യമാകില്ല എന്നതും, വിരമിച്ച് കഴിയുമ്പോഴാണ് മിക്കവർക്കും രോഗങ്ങൾ കൂടുതലായി പിടിപെടുന്നത് എന്നുള്ളതും, പലർക്കും ലഭിക്കുന്ന തുച്ഛമായ പെൻഷൻ മതിയായ ചികിൽസ നടത്താൻ പര്യാപ്തമാവുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രായക്കൂടുതലുള്ളവർക്ക് മെഡിക്കൽ ഇൻഷ്വറൻസ് സൗകര്യം നിഷേധിക്കപ്പെടുന്ന കാര്യം അറിവുണ്ടോ;

(സി) വിരമിച്ച സർക്കാർ ജീവനക്കാർക്കായി ഏതെങ്കിലും മെഡിക്കൽ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് ഒരു സമഗ്ര മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സർക്കാരിന്റെ നയമെന്താണെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷൻ വിതരണം</u>

521 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ തുടങ്ങിയ പെൻഷനുകൾ ഏത് മാസം വരെയാണ് വിതരണം ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ചങ്ങനാശ്ശേരി റവന്യൂ ടവറിന്റെ നവീകരണ പദ്ധതി</u>

522 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവുംവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി റവന്യൂ ടവറിന്റെ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഏതൊക്കെ ജോലികൾ ഇതുവരെ പൂർത്തികരിച്ചിട്ടുണ്ട്;

(ബി) ഇനിയും ഏതൊക്കെ ജോലികളാണ് പൂർത്തികരിക്കാനുള്ളത്;

(സി) പൂർത്തികരിക്കാനുള്ള ജോലികൾ കാലതാമസം ഒഴിവാക്കി പൂർത്തികരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>വേങ്ങൂർ - നായത്തോട് - എയർപോർട്ട് റോഡിന്റെ വികസനം</u>

523 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിൽ നിന്നും എം. സി. റോഡുവഴി സിയാലിലേക്കുള്ള അനുബന്ധ റോഡായ വേങ്ങൂർ - നായത്തോട്-എയർപോർട്ട് റോഡിന്റെ വികസനത്തിനായി സംസ്ഥാനതല ഉന്നതാധികാര സമിതി അംഗീകാരം നൽകിയ വിലയായ 15 കോടി രൂപ അനുവദിച്ച് കിട്ടുന്നതിനുള്ള അപേക്ഷയിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(ബി) റോഡിന്റെ പ്രധാന്യവും ഇതിന്റെ വിജ്ഞാപനം രണ്ടാം തവണയും ഡിനോവ ആകുമെന്നുള്ളതും കണക്കിലെടുത്ത് തുക അടിയന്തിരമായി അനുവദിക്കുമോ;

(സി) തുക എന്നത്തേക്ക് അനുവദിച്ച് സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

ചേലക്കര ഗവ. പോളിടെക്നിക് കോളേജിൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് നടപടി

524 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ചേലക്കര ഗവ. പോളിടെക്നിക് കോളേജിൽ 2010-ൽ എ.ഐ.സി.റ്റി.ഇ അംഗീകാരം നൽകിയ രണ്ട് പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ രണ്ട് കോഴ്സുകൾക്കും കൂടി പ്രതിവർഷം എത്ര തുകയാണ് അധികമായി വിനിയോഗിക്കേണ്ടിവരുന്നതെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം വ്യക്തമാക്കുമോ ;

(സി) ഈ കോഴ്സുകൾ ആരംഭിക്കുന്നതിന്റെ പ്രാധാന്യവും അവശ്യകതയും ബോധ്യപ്പെട്ടതിന്റെയടിസ്ഥാനത്തിൽ പ്രസ്തുത ഫയൽ സമർപ്പിക്കുവാൻ വീണ്ടും നിർദ്ദേശം നൽകിയിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) രക്ഷകർത്താക്കളുടെയും വിദ്യാർത്ഥികളുടെയും വർഷങ്ങളായുള്ള ആവശ്യം പരിഗണിച്ച് പിന്നോക്ക മേഖലയിൽ സ്ഥിതി ചെയ്യുന്ന ഗവ. പോളിടെക്നിക്കിൽ ഈ വർഷം രണ്ട് കോഴ്സുകളും ആരംഭിക്കുവാൻ ഉത്തരവ് നൽകുമോ ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>നികുതി വരുമാനത്തിന്റെ സ്രോതസ്സുകൾ</u>

525 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ പ്രധാന സ്രോതസ്സുകൾ എന്തൊക്കെയാണ് ;

(ബി) അവ ഓരോന്നും 2011-12 നെ അപേക്ഷിച്ച് 2013-14-ൽ എത്ര കോടിയായിരുന്നുവെന്ന് വിശദമാക്കുമോ ;

(സി) അവ ഓരോന്നും 2014-15ൽ ലക്ഷ്യം വെച്ചിരിക്കുന്നത് എത്ര കോടി വീതമാണ് ;

(ഡി) 2011-12, 2012-13, 2013-14 വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ നിന്നു ലഭിച്ച തുക എത്ര കോടി വീതമായിരുന്നു; 2014-15-ൽ പ്രതീക്ഷിക്കുന്നത് എത്ര ;

(ഇ) വരുമാനത്തിൽ ലക്ഷ്യത്തേക്കാൾ കുറവായിട്ടുള്ള സ്രോതസ്സുകൾ ഏവ ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>നികുതി വരുമാനം</u>

526 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013-14 സാമ്പത്തിക വർഷം നികുതിയിനത്തിൽ പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുക എത്രയെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2013-14 സാമ്പത്തിക വർഷം നികുതിയിനത്തിൽ എത്ര തുക പിരിച്ചെടുത്തുവെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ;

(സി) നികുതി പിരിച്ചെടുക്കുന്നതിൽ വന്നിട്ടുളള കുറവ് പരിഹരിക്കുവാൻ 2014-15 വർഷം എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>വിൽപ്പന നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി</u>

527 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ വിൽപ്പന നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) ഇതിലൂടെ എത്ര കോടി രൂപ ഈ സാമ്പത്തിക വർഷം നാളിതുവരെ പിരിച്ചെടുത്തു; വ്യക്തമാക്കാമോ;

(സി) ഇനി എത്ര കോടി രൂപയുടെ വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>നികുതി പരിഷ്ക്കരണത്തിനായുള്ള സമിതി</u>

528 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011 ൽ നികുതി പരിഷ്കരണത്തിനായി വാണിജ്യനികുതി ഡെപ്യൂട്ടി കമ്മീഷണർ അധ്യക്ഷനായി സമിതിയെ നിയോഗിച്ചിട്ടുണ്ടോ; പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) എന്നാണ് പഠന റിപ്പോർട്ട് സർക്കാരിലേക്ക് സമർപ്പിച്ചത്;

(സി) പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകൾ ഏതെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) സംസ്ഥാന വരുമാനത്തിന്റെ എത്ര ശതമാനമാണ് വാണിജ്യ നികുതിയിനത്തിൽ ലഭിക്കുന്നത് എന്ന് വിശദമാക്കാമോ; ഇത് കൃത്യമായി പിരിച്ചെടുക്കുന്നതിൽ സർക്കാരിന് വീഴ്ച പറ്റിയിട്ടുണ്ടോ;

(ഇ) പുതിയ നികുതി പരിഷ്കരണ റിപ്പോർട്ട് നടപ്പാക്കുകയാണെങ്കിൽ വാണിജ്യ നികുതിയിൽ നിന്നുള്ള വരുമാനം എത്ര ശതമാനം വർദ്ധിപ്പിക്കാമെന്നാണ് റിപ്പോർട്ടിലുള്ളത് എന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>ട്രഷറികൾ</u>

529 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ബാങ്കിംഗ് ട്രഷറികൾ ഉണ്ട്;

(ബി) എത്ര നോൺ ബാങ്കിംഗ് ട്രഷറികൾ ഉണ്ട്;

(സി) പുതുതായി ട്രഷറികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത് എവിടെയൊക്കെയാണ് ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ട്രഷറി നിക്ഷേപങ്ങൾ</u>

530 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രഷറി നിക്ഷേപങ്ങൾ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പണം ഷെഡ്യൂൾ ബാങ്കുകൾക്ക് പകരം ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ ;

(സി) പൊതുജനങ്ങളെ ട്രഷറി നിക്ഷേപങ്ങളിലേക്കു ആകർഷിച്ച് സംസ്ഥാനത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ശക്തി പകരുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

ശമ്പളം ബാങ്കു വഴി

531 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശമ്പളം ബാങ്കുവഴി നൽകുന്നതിന് ബാങ്ക് ചാർജ്ജിനത്തിൽ ബാങ്കുകൾക്ക് സർക്കാർ തുക നൽകേണ്ടതുണ്ടോ;

(ബി) നോൺ ബാങ്കിംഗ് ട്രഷറികൾ ബാങ്കുകൾക്ക് ഓരോ ഇടപാടുകൾക്കും നൽകേണ്ട തുക എത്ര;

(സി) കൂടുതൽ ബാങ്കിംഗ് ട്രഷറികൾ ആരംഭിക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

സർക്കാർ ജീവനക്കാരുടെ ശമ്പളം ബാങ്കുവഴിയാക്കാൻ നീക്കം

532

ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ ശമ്പളം പൂർണമായി ബാങ്കുകളിലേയ്ക്ക് മാറ്റാനുള്ള നീക്കം ഏതുവരെയായിയെന്ന് വ്യക്തമാക്കാമോ; ശമ്പള അക്കൗണ്ട് ലഭിക്കുന്നതിനായി ബാങ്കിൽ അക്കൗണ്ട് തുടങ്ങുന്ന ജീവനക്കാർക്ക് ശമ്പളത്തിന്റെ 75 ഇരട്ടി വരെ ജാമ്യമില്ലാ വായ്പ നൽകാമെന്ന വാഗ്ദാനം നൽകിയത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2012 ജനുവരിയിൽ ഇറക്കിയ ഉത്തരവു പ്രകാരം പദ്ധതി വിഹിതവും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫണ്ടും ട്രഷറിയിൽ നിന്നും ബാങ്കുകളിലേയ്ക്ക് മാറ്റിയത് തിരികെ കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; പ്രസ്തുത നടപടി സ്വീകരിച്ചാൽ സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി ഒരു പരിധി വരെ കുറച്ചുകൊണ്ടുവരാൻ കഴിയുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജീവനക്കാരുടെ ശമ്പളം ട്രഷറി വഴിയാണെങ്കിൽ പ്രതിവർഷം പരമാവധി 1000 കോടി രൂപയുടെ കാഷ് ബാലൻസ് സൂക്ഷിക്കാൻ കഴിയുമെന്ന് ട്രഷറി വകുപ്പ് നടത്തിയ പഠനത്തിൽ തെളിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ ചട്ടഞ്ചാൽ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം</u>

533 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചട്ടഞ്ചാൽ സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 23.10.2013 ലെ സ.ഉ(കൈ) നമ്പർ 463/2013/റവ. പ്രകാരം റവന്യൂ വകുപ്പ് 10 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് കൈമാറിയതായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>നെന്മാറയിൽ പുതിയ സബ്ട്രഷറി</u>

534 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ നെന്മാറയിൽ പുതിയ സബ്ട്രഷറി ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പെൻഷൻകാരുടെയും ഉദ്യോഗസ്ഥരുടെയും ഏറെക്കാലത്തെ ആവശ്യമായ നെന്മാറ സബ്ട്രഷറി ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) പുതിയ സബ്ട്രഷറി അനുവദിക്കുന്നതിന് ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

താനൂരിൽ ഒരു സബ്ട്രഷറി

535 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താനൂരിൽ ഒരു സബ്ട്രഷറി അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഒട്ടേറെ സർക്കാർ ഓഫീസുകളും വിദ്യാലയങ്ങളും പ്രവർത്തിക്കുന്ന ഇവിടെ ഒരു സബ്ട്രഷറിയുടെ അനിവാര്യത ബോധ്യമായിട്ടുണ്ടോ ;

(സി) താനൂരിൽ ഒരു സബ്ട്രഷറി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>നൂറനാട് ട്രഷറി ഓഫീസിന് സ്വന്തം കെട്ടിടം</u>

536 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ നൂറനാട് ട്രഷറി ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ട്രഷറി ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ; ഇതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>പഴയങ്ങാടിയിലെ ട്രഷറി കെട്ടിട നിർമ്മാണം</u>

537

ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കല്യാശ്ശേരി നിയോജക മണ്ഡലത്തിലെ പഴയങ്ങാടിയിൽ ട്രഷറി കെട്ടിട നിർമ്മാണത്തിന് ഇൻകലിനെ നിയമിച്ചിരുന്നുവെങ്കിലും ഇതുവരെ നിർമ്മാണം ആരംഭിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിട നിർമ്മാണം ഇൻകലിൽ നിന്നും മാറ്റി ഏതെങ്കിലും ഏജൻസിയെ ഏല്പിച്ചിട്ടുണ്ടോ;

(സി) എത്ര രൂപയാണ് പ്രസ്തുത കെട്ടിടത്തിന് ഉത്തരവായിട്ടുള്ളത്;

(ഡി) കെട്ടിട നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ചാത്തന്നൂരിൽ സബ് ട്രഷറി കെട്ടിടം</u>

538 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രഷറി കെട്ടിട നിർമ്മാണ ആവശ്യത്തിലേക്കായി സ്വന്തമായി ഭൂമി ലഭ്യമായിട്ടുള്ള എത്ര ട്രഷറികളാണ് കൊല്ലം ജില്ലയിലുള്ളത്; പ്രസ്തുത ട്രഷറികളുടെ പേരുകൾ വ്യക്തമാക്കുമോ;

(ബി) ചാത്തന്നൂർ സബ്-ട്രഷറിക്ക് കെട്ടിടംനിർമ്മിക്കുന്നതിലേക്ക് ഭൂമി ലഭ്യമാക്കിയിട്ട് നാളിതുവരെ കെട്ടിട നിർമ്മാണം ആരംഭിക്കാത്ത കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്വന്തമായുള്ള ഭൂമിയിൽ ചാത്തന്നൂർ സബ്-ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിലേക്ക് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ ആയത് എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) എത്രയും പെട്ടെന്ന് ചാത്തന്നൂരിൽ സബ്-ട്രഷറി കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>ലോട്ടറി രംഗം കാര്യക്ഷമമാക്കുന്നതിനായുള്ള കമ്മീഷന്‍</u>

539 ശ്രീ. അന്‍വര്‍ സാദത്ത്
,, ബെന്നി ബെഹനാന്‍
,, വി. ഡി. സതീശന്‍
,, എം. പി. വിന്‍സെന്റ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്തെ ലോട്ടറിരംഗം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം കര്‍മ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് പഠിച്ച് റിപ്പോര്‍ട്ട് ചെയ്യുന്നതിന് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കമ്മീഷന്റെ അന്വേഷണ പരിധിയില്‍ എന്തെല്ലാം വിഷയങ്ങളാണ് ഉള്‍പ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) സര്‍ക്കാരിന്റെ വരുമാനം വര്‍ദ്ധിപ്പിക്കുന്നതിനും സാമൂഹ്യ കാരുണ്യ പ്രവര്‍ത്തനങ്ങള്‍ക്ക് പണം കണ്ടെത്തുന്നതിനും കൂടുതല്‍ ലോട്ടറികള്‍ ആരംഭിക്കുന്നതിനുമുള്ള നടപടി കമ്മീഷന്റെ അന്വേഷണ പരിധിയില്‍ ഉള്‍പ്പെടുത്തുമോ; വിശദമാക്കുമോ;

(ഇ) കമ്മീഷന്റെ റിപ്പോര്‍ട്ട് എന്ന് ലഭ്യമാകും; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>ലോട്ടറി ഘടനയിലെ മാറ്റം</u>

540 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി വകുപ്പ് നിലവിൽ എത്ര ലോട്ടറികളാണ് നടത്തുന്നത്; ഓരോന്നിന്റെയും വിലയും സമ്മാനഘടനയും വ്യക്തമാക്കാമോ;

(ബി) ലോട്ടറിയുടെ വിലയിലും സമ്മാന ഘടനയിലും മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ലോട്ടറിക്ഷേമ നിധിയുടെ പ്രവർത്തനം</u>

541 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോട്ടറിക്ഷേമ നിധിയുടെ പ്രവർത്തനം വിലയിരിത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുളളവർ എത്രപേരാണ്; ഇവർക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്തിട്ടുളളത്;

(സി) ക്ഷേമനിധിയിൽ എത്രപേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട്?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>ലോട്ടറി ടിക്കറ്റ് നിരക്ക്</u>

542 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ലോട്ടറി വകുപ്പിന് നിയമാനുസൃതം നടത്താവുന്ന ഏറ്റവും കുറഞ്ഞ സംഖ്യയ്ക്കുള്ള ലോട്ടറി ടിക്കറ്റ് എത്ര രൂപയുടേതാണെന്ന് വ്യക്തമാക്കുമോ;

(ബി) ലോട്ടറി വകുപ്പ് ഇപ്പോൾ വിൽപ്പന നടത്തുന്ന ലോട്ടറി ടിക്കറ്റുകൾ ഏതെല്ലാമാണെന്നും ഓരോന്നിന്റെയും ടിക്കറ്റ് നിരക്ക് എത്രയാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ലോട്ടറി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് ഐഡന്റിറ്റി കാർഡും, യൂണിഫോമും നൽകുന്നതിനുള്ള നടപടി</u>

543 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ളവർക്ക് ഐഡന്റിറ്റി കാർഡും, യൂണിഫോമും നൽകുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാന ഭാഗ്യക്കുറിടിക്കറ്റുകളുടെ വിറ്റുവരവിൽ ഉണ്ടായിട്ടുള്ള കുറവ്</u>

544 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറിടിക്കറ്റുകളുടെ വിറ്റുവരവിൽ ഈ അടുത്ത കാലത്ത് കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ ഓരോ മാസവും ഓരോ ഭാഗ്യക്കുറിയിലും മുൻകാലത്തെ അപേക്ഷിച്ച് എത്ര കുറവുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം വിറ്റുവരവിൽ കുറവുണ്ടാകാനുള്ള സാഹചര്യങ്ങളും കാരണങ്ങളും വിശദമാക്കുമോ;

(സി) ടിക്കറ്റ് വിൽപ്പനയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങളും ടിക്കറ്റ് വിലവർധനയുമാണോ ഇപ്രകാരം വിറ്റുവരവ് കുറയാൻ കാരണമായതെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) സംസ്ഥാന ഖജനാവിലേക്കുള്ള പ്രധാനവരുമാന സ്രോതസ്സായ സംസ്ഥാന ഭാഗ്യക്കുറിയുടെ വിറ്റുവരവ് പഴയതുപോലെ നിലനിർത്തുവാനും പാവപ്പെട്ട ഏജന്റുമാർക്കും പൊതുജനങ്ങൾക്കുമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുവാനും നടപടികൾ സ്വീകരിക്കുമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>ലോട്ടറി സമ്മാനതുക വിതരണം</u>

545 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ നടത്തുന്ന ലോട്ടറിയിൽ ഏത് കാലയളവുവരെയുള്ള തുക വിതരണം ചെയ്തിട്ടുണ്ട്;

(ബി) സമ്മാനതുക വിതരണം ചെയ്യുന്നതിൽ കോടതി ഇടപെടൽ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വിതരണം വൈകുന്നതിന്റെ മൂലകാരണങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ഡി) നിലവിലുള്ള ചട്ടപ്രകാരം നറുക്കെടുപ്പ് കഴിഞ്ഞാൽ എത്ര സമയത്തിനുള്ളിൽ തുക വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ; വിതരണം ചെയ്യുന്നില്ലെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ലോട്ടറി ജില്ലാ ഓഫീസുകളുടെ അടിസ്ഥാന സൗകര്യവികസനം</u>

546 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോട്ടറി വകുപ്പിൽ എത്ര സ്ഥിരജീവനക്കാരും താത്കാലിക ജീവനക്കാരും നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ലോട്ടറി ജില്ലാ ആഫീസുകളിൽ ശരാശരി എത്ര രൂപയുടെ ഇടപാടുകൾ ഒരു ദിവസം നടക്കുന്നുണ്ട്;

(സി) ലോട്ടറി ജില്ലാ ആഫീസുകളിൽ അടിസ്ഥാന സൗകര്യത്തിന്റെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) എല്ലാ ജില്ലകളിലും താലൂക്ക് ലോട്ടറി ആഫീസ് തുടങ്ങുമെന്ന കഴിഞ്ഞ ബജറ്റ് നിർദ്ദേശം നടപ്പിലാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

കാരുണ്യ ബനവലന്റ് ചികിത്സാപദ്ധതി

547 ശ്രീ. സി. മമ്മൂട്ടി
,, വി.എം. ഉമ്മർ മാസ്റ്റർ
,, സി. മോയിൻകുട്ടി
,, കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ചികിത്സാപദ്ധതി കൂടുതൽ വിപുലമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതു വിധത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) കാരുണ്യ ലോട്ടറി മുഖേന ഇതേവരെ എന്തു തുക സമാഹരിക്കാൻ സാധിച്ചു; എത്രപേർക്ക് എന്തു തുക സഹായധനം നൽകാനായി;

(സി) കൂടുതൽ രോഗങ്ങളെ സഹായപദ്ധതിയിൽപെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കാരുണ്യ ഹോമുകൾ</u>

548 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
'' പാലോട് രവി
'' എം. പി. വിൻസെന്റ്
'' ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ചികിത്സാ സഹായ പദ്ധതിയുടെ ഭാഗമായി കാരുണ്യ ഹോമുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത ഹോമുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) രോഗികളുടെ കൂട്ടിരിപ്പുകാർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) കാരുണ്യ ഹോമുകൾക്കായുള്ള സ്ഥലം എങ്ങനെ കണ്ടെത്തുന്നതിനാണ് ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കാരുണ്യ ബനവലന്റ് ഫണ്ട്</u>

549 ശ്രീ.എ. പി. അബ്ദുള്ളക്കുട്ടി
,, ആർ. സെൽവരാജ്
,, വി. ഡി. സതീശൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ട് സൗജന്യ ചികിത്സാ പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് ഏതെല്ലാം രോഗങ്ങൾക്കുള്ള ചികിത്സാ സഹായമാണ് നൽകിവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഏതെല്ലാം തരം ആശുപത്രികളെയാണ് പ്രസ്തുത പദ്ധതി പ്രകാരമുളള ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുളളത്; വിശദമാക്കുമോ;

(ഡി) ചികിത്സാ ധനസഹായങ്ങൾ യഥാസമയത്ത് രോഗികൾക്ക് ലഭിക്കാൻ എന്തെല്ലാം ക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതി വിപുലീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

കാരുണ്യാ ബെനവലന്റ് ഫണ്ട് ധനസഹായം
അനുവദിക്കുന്നതിനുള്ള മാനദണ്ഡം

550 ശ്രീ. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യാ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; പദ്ധതി പ്രകാരം പരമാവധി എത്ര തുകവരെ നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ബി) പാലക്കാട് ജില്ലയിൽ ഏതൊക്കെ ആശുപത്രികളെയാണ് പദ്ധതിക്ക് കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**10.06.2014–ലെ മറുപടിക്ക്**

<u>കാസർഗോഡ് ജില്ലയിലെ ആശുപത്രികളെ കാരുണ്യ ബനവലന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തുമെന്ന പ്രഖ്യാപനം</u>

551 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡിലെ ജനങ്ങൾ വിദഗ്ദ്ധ ചികിൽസയ്ക്കായി എത്തുന്ന മംഗലാപുരത്തെ ആശുപത്രികളെ കാരുണ്യ ബനവലന്റ് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചെങ്കിലും നാളിതുവരെയും പ്രാവർത്തികമാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തീരുമാനം പ്രാവർത്തികമാക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

ജി. ബി. സിൻഡ്രോം രോഗികൾക്ക് ചികിത്സാ സഹായം

552 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ഗില്ല്യൻ ബാരി സിൻഡ്രോം' എന്ന അസുഖം ബാധിച്ച വ്യക്തികൾക്ക് കാരുണ്യ ചികിത്സാ സഹായ പദ്ധതിയിലൂടെ ചികിത്സാ സഹായം നൽകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഈ അസുഖത്തിന് ഭാരിച്ച ചികിത്സാ ചെലവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) നിർദ്ധനരായ രോഗികൾക്കുണ്ടാവുന്ന ഭാരിച്ച ചികത്സാ ചെലവ് കണക്കിലെടുത്ത് കാരുണ്യ ചികത്സാ പദ്ധതിലുടെ സഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>കാരുണ്യ പദ്ധതിയിൽ മംഗലാപുരത്തെ ആശുപത്രികൾ ഉൾപ്പെടുത്താൻ നടപടി</u>

553 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബനവലന്റ് ഫണ്ട് സൗജന്യ ചികിൽസാ പദ്ധതിയിൽ മലബാറിലെ ഏറെ ജനങ്ങൽ ആശ്രയിക്കുന്ന മംഗലാപുരത്തെ ആശുപത്രികളെ ഉൾപ്പെടുത്താനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി) ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**10.06.2014-ലെ മറുപടിക്ക്**

<u>കെ.എഫ്.സി വായ്പകൾ</u>

554 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എത്ര പേർക്ക് വായ്പ അനുവദിച്ചെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) വായ്പയായി എത്ര തുകയാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ;

(സി) കെ.എഫ്.സി.ക്ക് എത്ര തുക പിരിഞ്ഞ് കിട്ടാനുണ്ട്;

(ഡി) ഇതിൽ കിട്ടാകടമായി കണ്ട് എഴുതിതള്ളിയ തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

കെ.എസ്.എഫ്.ഇ പ്രൊഫഷണൽ എഡ്യുകെയർ ചിട്ടി പദ്ധതി

555 ശ്രീ. കെ.അച്ചുതൻ
,, കെ.മുരളീധരൻ
,, കെ.ശിവദാസൻ നായർ
,, സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ പ്രൊഫഷണൽ എഡ്യുകെയർ ചിട്ടി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

<u>ലീഗൽ സർവ്വീസ് അതോറിറ്റികളുടെ പ്രവർത്തനം</u>

556 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, പി. എ. മാധവൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലീഗൽ സർവ്വീസ് അതോറിറ്റികൾ രൂപവൽക്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത അതോറിറ്റികളിലൂടെ കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ;

(സി) അതോറിറ്റികൾ നടത്തുന്ന അദാലത്തുകൾ വഴി കേസ്സുകൾക്ക് അന്തിമ തീർപ്പ് കൽപ്പിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് ഇവയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര അദാലത്തുകൾ നടത്തുകയും എത്ര കേസ്സുകൾക്ക് അന്തിമ തീർപ്പ് കൽപ്പിക്കുകയും ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>അഫോര്‍ഡബിള്‍ ഹൗസിംഗ് സ്കീം</u>

557 ശ്രീ. വര്‍ക്കല കഹാര്‍
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശന്‍
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ധനകാര്യവും നിയമവും ഭവനനിര്‍മ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അഫോര്‍ഡബിള്‍ ഹൗസിംഗ് സ്കീമിന് രൂപം നല്‍കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) എല്ലാവര്‍ക്കും ഭൂമി, എല്ലാവര്‍ക്കും വീട് എന്ന പ്രഖ്യാപിത ലക്ഷ്യം സാക്ഷാത്കരിക്കാന്‍ എന്തെല്ലാം കാര്യങ്ങളാണ് ഇതില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) സ്കീമിന്റെ പ്രവര്‍ത്തനങ്ങള്‍ക്കായി എന്തെല്ലാം നടപടികള്‍ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങള്‍ അറിയിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ഭവന നിർമ്മാണ ബോർഡു മുഖേനയുള്ള പദ്ധതികൾ</u>

558 ശ്രീ. എം.വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
ശ്രീ. പി.സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ബി) നിലവിൽ ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമാണ് ;

(സി) ഈ ഗവൺമെന്റ് അധികാരമേറ്റ ശേഷം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ് ;

(ഡി) 2014-15 സാമ്പത്തിക വർഷം ഭവന നിർമ്മാണ ബോർഡ് നടപ്പാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ഏതെല്ലാമാണ് ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ഭവനനിർമ്മാണ പദ്ധതി പ്രകാരമുള്ള ധനസഹായം</u>

559 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യത്തിന്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രധാനഭവന നിർമ്മാണ പദ്ധതിപ്രകാരമുള്ള ധനസഹായം രണ്ടു ലക്ഷം രൂപയായിരിക്കുമ്പോൾ എം.എൽ.എ പദ്ധതിപ്രകാരമുള്ള ധനസഹായം എഴുപത്തയ്യായിരം രൂപ മാത്രമായി തുടരുന്നതിലെ അപാകത പരിഹരിച്ച് രണ്ടുലക്ഷം രൂപ എന്ന നിരക്കിൽ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ വാണിജ്യ സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടി</u>

560 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഒരു വാണിജ്യ സമുച്ചയം നിർമ്മിക്കുന്നതിനായി എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ ; ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ;

(ബി) പ്രസ്തുത ആവശ്യത്തിനായി മാറ്റി വെച്ചിട്ടുള്ള സ്ഥലം കമ്പി വേലി കെട്ടി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 10.06.2014-ലെ മറുപടിക്ക്

അടൂർ റവന്യൂ ടവറിന്റെ പ്രവർത്തന സ്തംഭനം

561 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള അടൂരിലെ റവന്യൂ ടവറിന്റെ പ്രവർത്തന സ്തംഭനാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണ്ഡലത്തിലെ പ്രധാന സർക്കാർ ആഫീസുകളെല്ലാം പ്രവർത്തിച്ചുവരുന്ന ഈ ആഫീസ് സമുച്ചയത്തിന്റെ പ്രവർത്തനം യഥാസമയം വാടക പിരിച്ചെടുക്കുന്നതിലും മറ്റും വന്നിട്ടുള്ള വീഴ്ച മുഖാന്തിരം മിക്കപ്പോഴും തടസ്സപ്പെടുന്ന അവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(സി) പൊതുജനസമ്പർക്കം സജീവമായിട്ടുള്ളതായ ഈ സമുച്ചയത്തിലെ സർക്കാരാഫീസുകളുടെ പ്രവർത്തനം തടസ്സമാകാത്ത നിലയിൽ പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി സമയബന്ധിതമായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 10.06.2014-ലെ മറുപടിക്ക്

<u>ചാത്തന്നൂർ ഗ്രാമപഞ്ചായത്തിലെ സാഫല്യം ഭവന നിർമ്മാണ പദ്ധതി</u>

562 ശ്രീ.ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കൊല്ലം ജില്ലയിലെ ചാത്തന്നൂർ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന സാഫല്യം ഭവന നിർമ്മാണ പദ്ധതിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ കാലാവധി അവസാനിക്കുന്നത് എന്നാണ്; കാലാവധി നീട്ടി നൽകുവാൻ തീരുമാനിച്ചുവോ; വിശദാംശം അറിയിക്കുമോ; പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?